

# ജീവിതം ഒരു പ്രാർത്ഥന

ശിവദാസൻ എ. കെ.

## 2013

നവംബർ 17 ഞായറാഴ്ച, മുംബെ വാംഖഡെ സ്റ്റേഡിയം. സമയം രാവിലെ 11.45. ലോകമെമ്പാടുമുള്ള ക്രിക്കറ്റ് ആരാധകർ വീർപ്പുമുട്ടലോടെ ആ രംഗം ടെലിവിഷനിൽ കണ്ടുകൊണ്ടിരുന്നു. ലോക ക്രിക്കറ്റിലെ മഹാ പ്രതിഭ. ഇന്ത്യൻ ക്രിക്കറ്റിന്റെ ദൈവം. സച്ചിൻ രമേഷ് ടെൻഡുൽക്കർ എന്ന സച്ചിൻ ക്രീസ് വിട്ടൊഴിയുന്ന രംഗം. കാൽ നൂറ്റാണ്ടോളം കളിക്കളത്തിൽ വിസ്മയം സൃഷ്ടിച്ച ആ മഹാ പ്രഭാവം മറയുമ്പോൾ കളിക്കളം ഒട്ടാകെ മങ്ങുന്നപോലെ. ആരാധകർക്ക് അങ്ങനെ തോന്നിയാൽ കുറ്റം പറയാനാവില്ല. സച്ചിന് ക്രിക്കറ്റ് ജീവിതമായിരുന്നു. ജീവിതമെന്ന മഹാ പ്രാർത്ഥന. പ്രശസ്തിയുടെ വെള്ളിവെളിച്ചത്തിൽ കണ്ണു മഞ്ഞളിച്ച് തകർന്നുടയുന്നതാണ് സെലിബ്രിറ്റികളുടേതായി നാം കാണുന്ന പല ജീവിതവും. എന്തുകൊണ്ടാണ് സച്ചിൻ ടെൻഡുൽക്കറെ ഈ തരത്തിൽ ഓർമ്മിക്കുന്നത്. പ്രശസ്തിക്കപ്പുറം തന്റെ കരിയറിനോട് പുലർത്തിയ നീതിയോടുള്ള മനുഷ്യരാശിയുടെ നന്ദിപ്രകടനമായിരുന്നു അത്.

ഇക്കഴിഞ്ഞ ഡിസംബർ 6 ന് നെൽസൺ മണ്ഡേല എന്ന ആഫ്രിക്കൻ







സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ പ്രതിരൂപം ഭൂമിയെ വിട്ടുപോകുമ്പോൾ ഭൂഖണ്ഡങ്ങളിൽ നിന്ന് ഭൂഖണ്ഡങ്ങളിലേക്ക് സംവേദന ക്ഷമതയുള്ള മനസ്സുകളിൽ ഒരു ഞെട്ടലായി അത് ചെന്ന് ചേർന്നത് എന്തുകൊണ്ടാണ്. 27 വർഷത്തെ ജയിൽവാസം, ഏകാന്തത ഏതൊരു മനുഷ്യനേയും ഭ്രാന്തനാക്കില്ലേ എന്നു ചോദിച്ചേക്കാം. അസാധാരണമായ കർമ്മശേഷിയുടെ മനക്കരുത്തുകൊണ്ടേ ഉറപ്പില്ലാത്ത നാളേകളെ നേരിടാനാവൂ. സ്വന്തം ജീവിതം തന്നെ പ്രാർത്ഥനയാക്കുന്ന മഹത്തുക്കൾക്ക് സാധാരണ മനുഷ്യന്റെ നിരാശകൾക്കപ്പുറം നിലനിൽക്കാനാവുമെന്നത് അങ്ങനെ അത്ഭുതമല്ലാതാകുന്നു. ഒരാൾക്ക് ഒരിക്കലും ഒരു നെൽസൺ മണ്ഡേലയോ സച്ചിൻ ടെൻഡുൽക്കറോ ആകാനായി എന്നുവരില്ല. ആകേണ്ട കാര്യവുമില്ല. പക്ഷേ, അവരാരായിരുന്നു എന്ന് മനസ്സിലാക്കാനാകും. നെൽസൺ മണ്ഡേലയുടെ പ്രശസ്തി കൊതിക്കുന്നവർ ഒത്തിരിയുണ്ടാകാം. പക്ഷേ, 27 വർഷത്തെ ജയിൽവാസത്തിന്റെ

**നമുക്കു ചുറ്റും എത്രയോ മനുഷ്യരാണ് സ്വന്തം കർമ്മശേഷിയാകുന്ന പ്രാർത്ഥന ലോകത്തിനായി വെച്ചു നീട്ടുന്നത്. പേരറിയുന്നവരും അറിയാത്തവരും. പ്രശസ്തി കൊതിക്കാത്തവർ. ലോകത്തിന് എന്നും ഓർത്തുവെയ്ക്കാൻ ഇവർ തരുന്ന സംഭാവനകൾ മാത്രമാണുള്ളത്.**



എണ്ണമറ്റ ദുരിതത്തിന്റെ കയ്പ് അനുഭവിക്കാൻ എത്ര പേരുണ്ടാകും. ഓരോ മനുഷ്യനും തന്റെ ജീവിതത്തിൽ തനിക്ക് കഴിയാവുന്ന പ്രവൃത്തികളെ തിരിച്ചറിഞ്ഞുകൊണ്ടല്ല ജീവിക്കുന്നത്. തിരിച്ചറിവ് ഒരുണർവാണ്. പൂർണ്ണമായി ജീവിതത്തെ നിരീക്ഷിച്ചാൽ മാത്രം സാധ്യമാകുന്ന ഒന്ന്. ജിദ്ദു കൃഷ്ണമൂർത്തി പറയുന്നു. 'അത് ഒരു പാമ്പിനൊപ്പം ഒരു മുറിയിൽ താമസിക്കുന്നതിന് തുല്ല്യമാണ്. പാമ്പിന്റെ ഓരോ ശബ്ദവും ചലനവും നാം ശ്രദ്ധിക്കുന്നു. അത്തരം ശ്രദ്ധ സമ്പൂർണ്ണമായ ചൈതന്യമാണ്. അത്തരം ഉണർവിൽ നമ്മുടെ സമഗ്രത മുഴുവൻ ഒരു നൊടിയിടയ്ക്കുള്ളിൽ ആവിഷ്ക്കരിക്കപ്പെടുന്നു.'

നമുക്കു ചുറ്റും എത്രയോ മനുഷ്യരാണ് സ്വന്തം കർമ്മശേഷിയാകുന്ന പ്രാർത്ഥന ലോകത്തിനായി വെച്ചു നീട്ടുന്നത്. പേരറിയുന്നവരും അറിയാത്തവരും. പ്രശസ്തി കൊതിക്കാത്തവർ. ലോകത്തിന് എന്നും ഓർത്തുവെയ്ക്കാൻ, ഇവർ തരുന്ന സംഭാവനകൾ മാത്രമാണുള്ളത്.

കുറച്ചു മുൻപ് മാതൃഭൂമി ആഴ്ചപതിപ്പിൽ ബാർമീറിലെ ഒരു കർഷകനെ പറ്റി വിവരിച്ചതോർക്കുന്നു. രാജസ്ഥാൻ മരുഭൂമിയിൽ അയാൾ 15 വർഷത്തിലേറെയായി കൃഷി നടത്തുന്നു. മണലിന്റെ ക്രൗര്യത്തോട് മല്ലിട്ട് നട്ടുനനച്ച മരുപ്പച്ചക്ക് ടൂറിസത്തിന്റെ ലാഭക്കണ്ണുകൾ കോടികൾ വിലയിട്ടെങ്കിലും അയാളത് വിറ്റില്ല. ചോഗൻ ലാൽ എന്നായിരുന്നു അയാളുടെ പേര്. കൃഷിയിടത്തിൽ വിളയുന്നതിന്റെ സിംഹഭാഗവും മനുഷ്യർക്കും

**ഓരോ മനുഷ്യനും തന്റെ ജീവിതത്തിൽ തനിക്ക് കഴിയാവുന്ന പ്രവൃത്തികളെ തിരിച്ചറിഞ്ഞുകൊണ്ടല്ല ജീവിക്കുന്നത് തിരിച്ചറിവ് ഒരുണർവാണ്. പൂർണ്ണമായി ജീവിതത്തെ നിരീക്ഷിച്ചാൽ മാത്രം സാധ്യമാകുന്ന ഒന്ന്. ജിദ്ദു കൃഷ്ണമൂർത്തി പറയുന്നു. 'അത് ഒരു പാമ്പിനൊപ്പം ഒരു മുറിയിൽ താമസിക്കുന്നതിന് തുല്ല്യമാണ്. പാമ്പിന്റെ ഓരോ ശബ്ദവും ചലനവും നാം ശ്രദ്ധിക്കുന്നു. അത്തരം ശ്രദ്ധ സമ്പൂർണ്ണമായ ചൈതന്യമാണ്'**

മൃഗങ്ങൾക്കും കിളികൾക്കും ദാനം ചെയ്യുന്നു അദ്ദേഹം. കൃഷിയിടത്തിൽ പറന്നെത്തുന്ന മയിലുകൾ അദ്ദേഹത്തെ കണ്ടാൽ പീലികൾ വിടർത്തി നൃത്തം ചെയ്യുമത്രേ. മനുഷ്യന്റെ ജീവിതമെന്ന പ്രാർത്ഥന പക്ഷികൾ പോലും മനസ്സിലാക്കുന്നത് നമുക്ക് അത്ഭുതമായേക്കാം. പക്ഷേ, മൃഗങ്ങൾക്ക് ജീവിതം മാത്രമാണ് വിലയുള്ളതായുള്ളത്. അവയ്ക്കത് അതിന് കാരണമായവരോടുള്ള ഉദാത്തമായ നന്ദിപ്രകടനമാണ്. ഏത് പ്രവൃത്തിയും ഒരു പ്രാർത്ഥനയാകുമ്പോൾ അവിടെ നൈരാശ്യമോ, കുറ്റപ്പെടുത്തലോ ഉണ്ടാകുന്നില്ല. സ്വച്ഛമായ ഒരു പുഴപോലെ ഓളങ്ങൾ അമർന്ന് അത് ഒഴുകുന്നത് സാകൂതം നോക്കി നില്ക്കാനാകും. അതു നനച്ചുണ്ടാകുന്ന ഫലങ്ങൾ അതെത്ര ചെറുതായാലും ആസ്വാദ്യകരമാകും. അനന്തര തലമുറകൾക്ക് ഇതിലും വലിയൊരു വിൽപ്പത്രം നല്കാനില്ല. ഈയിടെ വൈക്കം മുഹമ്മദ് ബഷീറിന്റേത് എന്ന പേരിൽ ഫെയ്സ് ബുക്കിൽ കണ്ട ഒരു കുറിപ്പ് ഇങ്ങനെയായിരുന്നു.

ദാഹിച്ചു വലഞ്ഞു വരുന്ന ഒരു മൃഗത്തിന്<br>
വെള്ളം കൊടുക്കുന്നത് ഒരു പ്രാർത്ഥന<br>
ഒരു ചെടിയോ, വൃക്ഷമൊ നട്ട് വെള്ള<br>
മൊഴിച്ച് വളർത്തുന്നതും പ്രാർത്ഥന.<br>
ഒരു പുഷ്പത്തിന്റെ സൗന്ദര്യവും<br>
സൗരഭ്യവും ആസ്വദിക്കുന്നതും പ്രാർത്ഥന<br>
ദുഖിതരെ ആശ്വസിപ്പിക്കുന്നതും പ്രാർത്ഥന<br>
രാവിന്റെയും പകലിന്റേയും ഭീതികളിൽ<br>
നിന്ന് രക്ഷിക്കണമെ എന്നപേക്ഷിക്കുന്നും പ്രാർത്ഥന<br>
അങ്ങനെ അനന്തമായ പ്രാർത്ഥനയാകുന്നു ജീവിതം